"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - എനർജി മാനേജ്മെന്റ് സെന്ററിന്റെ (ഇ.എം.സി) സ്ഥാപകദിനത്തോടനുബന്ധിച്ച് 2024 ഫെബ്രുവരി 7,8,9 തീയതികളിൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന ത്രിദിന പരിപാടിയുടെ വിജയകരമായ നടത്തിപ്പിനായുള്ള കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.13/2024/POWER തീയതി,തിരുവനന്തപുരം, 13-01-2024

---

പരാമർശം:- എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടറുടെ 01/01/2024-ലെ EMC/1/2024-ETB-1(EED) നമ്പർ കത്ത്

**ഉത്തരവ്**

എനർജി മാനേജ്മെന്റ് സെന്ററിന്റെ (ഇ.എം.സി) സ്ഥാപക ദിനത്തിന്റെ 28-ാം വാർഷികത്തോടനുബന്ധിച്ച് 2024 ഫെബ്രുവരി 7,8,9 തീയതികളിൽ അന്താരാഷ്ട്ര ഊർജ്ജ മേളയും ഫെബ്രുവരി 7-ന് കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് 2023-ന്റെ അവാർഡ് ദാന **ചടങ്ങും** തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണെന്നും "ഊർജ്ജ പരിവർത്തനവും കാലവസ്ഥാ വ്യതിയാനവും" എന്ന വിഷയത്തെ കേന്ദ്രീകരിച്ച് നടത്തുന്ന ഈ ത്രിദിന പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് വേണ്ടി ബഹു.വൈദ്യുതി വകുപ്പ് മന്ത്രി പേട്രൺ ആയും ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും ഇ.എം.സി ഡയറക്ടർ ഓർഗനൈസിംഗ് സെക്രട്ടറിയായും ഇ.എം.സി രജിസ്ട്രാർ ചീഫ് കോർഡിനേറ്ററായും ഒരു കമ്മിറ്റി രൂപീകരിക്കുവാനും കൂടാതെ തുടർന്നുള്ള വർഷങ്ങളിലും ഇ.എം.സി-യുടെ സ്ഥാപക ദിനത്തോട് അനുബന്ധിച്ച് അന്താരാഷ്ട്ര ഊർജ്ജമേളയും കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ദാന ചടങ്ങും നടത്തുന്നതിനും അനുമതി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം ഇ.എം.സി ഡയറക്ടർ ശിപാർശ സമർപ്പിച്ചു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എനർജി മാനേജ്മെന്റ് സെന്ററിന്റെ (ഇ.എം.സി) സ്ഥാപക ദിനത്തിന്റെ 28-ാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ വെച്ച് 2024 ഫെബ്രുവരി 7,8,9 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന അന്താരാഷ്ട്ര ഊർജ്ജ മേളയുടെയും ഫെബ്രുവരി 7-ന് നടത്തുന്ന കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് 2023-ന്റെ അവാർഡ് ദാന ചടങ്ങിന്റെയും വിജയകരമായ നടത്തിപ്പിന് വേണ്ടി ബഹു.വൈദ്യുതി വകുപ്പ് മന്ത്രി പേട്രൺ ആയും ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും ഇ.എം.സി ഡയറക്ടർ ഓർഗനൈസിംഗ് സെക്രട്ടറിയായും ഇ.എം.സി രജിസ്ട്രാർ ചീഫ് കോർഡിനേറ്ററായും ഉൾപ്പെടുത്തികൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു. തുടർന്നുള്ള വർഷങ്ങളിലും ഇ.എം.സി-യുടെ സ്ഥാപക ദിനത്തോട് അനുബന്ധിച്ച് അന്താരാഷ്ട്ര

സ.ഉ.(സാധാ) നം.13/2024/POWER

ഊർജ്ജമേളയും കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ദാന ചടങ്ങും നടത്തുന്നതിനുമുള്ള അനുമതി നൽകിക്കൊണ്ടുകൂടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

1. ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം പി.ഒ, തിരുവനന്തപുരം- 695017
2. രജിസ്ട്രാർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം പി.ഒ, തിരുവനന്തപുരം-695 017
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Manoj S

Date: 16-01-2024 19:25:27